LIBRARY ARCHIVES Kerala Legislative Assembly

ശ്രീകാര്യം ജംഗ്ഷനിലെ ഗതാഗതകുരുക്ക്

70 [1480] ശ്രീ. സി. ടി. അഹമ്മദ് അലി:

" പി. കെ. കെ. ബാവ:

" സി. മമ്മൂട്ടി:

" കളത്തിൽ അബ്ദുള്ള:

" സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിലേക്ക് വരുന്ന വാഹനങ്ങൾ ശ്രീകാര്യം ജംഗ്ഷൻ മുതൽ തിരക്കിൽപ്പെട്ട് മണിക്കൂറുകളോളം നിശ്ചലമാകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടുത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും വാഹന ഗതാഗതം സുഗമമാക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് എന്തുനടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീകാര്യം ജംഗ്ഷൻ ഉൾപ്പെടെ ദേശീയപാത 47-ൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് NH-47 പൂർണ്ണമായും നാലുവരിപ്പാതയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ചേർത്തല മുതൽ ആലുവ വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കിക്കഴിഞ്ഞിട്ടുണ്ട്.ആലുവ മുതൽ വാളയാർവരെയുള്ള ഭാഗം NHAI യുടെ ചുമതലയിൽ നാലുവരിപ്പാതയാക്കിവരുന്നു. ഇതിൽ ആലുവ മുതൽ അങ്കമാലി വരെയുള്ള പണികൾ പൂർത്തിയായി. ശേഷിക്കുന്ന ചേർത്തല മുതൽ കളിത്തിക്കാവിള വരെയുള്ള ഭാഗം നാലുവരി പാതയാക്കുന്നതിനുള്ള പഠനം നടന്നുവരുന്നു. ഈ ഭാഗങ്ങൾ നാലുവരിപ്പാതയാക്കുന്നതോടുകൂടി ശ്രീകാര്യം ഉൾപ്പെടെയുള്ള NH 47-ലെ ഗതാഗതക്കുരുക്ക് ഒഴിവാകുന്നതാണ്.

ഹരിപ്പാട് നിന്നും മാറ്റിയ പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകൾ പുനഃസ്ഥാപിക്കാൻ നടപടി

71 [1481] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹരിപ്പാട് പ്രവർത്തിച്ചിരുന്ന പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം ഓഫീസുകൾ ഇവിടെനിന്ന് മാറ്റിയിട്ടുണ്ട്;

(ബി) അവ ഏതെല്ലാം സ്ഥലങ്ങളിലേക്കാണ് മാറ്റിയിട്ടുള്ളത്;

(സി) പ്രസ്തുത ഓഫീസുകൾ മാറ്റുന്നതിനെതിരെ വ്യാപകമായി പ്രതിഷേധങ്ങൾ ഉയർന്നുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവ മാറ്റുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഈ ഓഫീസുകൾ ഹരിപ്പാടുനിന്ന് മാറ്റിയത് ഈ മേഖലയിലെ വികസനത്തെ ബാധിക്കുമെന്നതിനാൽ അവ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) എൻ. എച്ച്. സബ്ഡിവിഷൻ ഓഫീസ് കാഞ്ഞിരപ്പള്ളിയിലേക്ക് മാറ്റിയിട്ടുണ്ട്.

(സി, ഡി ആന്റ് ഇ) NH-47-ന്റ 40 കി. മീ. നീളമുള്ള ഭാഗം മാത്രമാണ് ആലപ്പുഴ എൻ. എച്ച്. ഡിവിഷന്റെ കീഴിലുള്ളത്. പ്രസ്തുത ദേശീയപാതയുടെ അറ്റകുറ്റപ്പണികളും വികസന പ്രവർത്തനങ്ങളും നടത്തുവാൻ ആലപ്പുഴയിലും ചേർത്തലയിലും രണ്ട് സബ്ഡിവിഷൻ ഓഫീസുകൾ നിലവിലുണ്ട്. ആയതിനാൽ ഹരിപ്പാട് സബ്ഡിവിഷന്റെ അഭാവത്തിലും മേൽ ദേശീയപാതയുടെ വികസന പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ കഴിയുന്നതാണ്.

കരാറുകാരിൽനിന്ന് നഷ്ടപരിഹാരം ഈടാക്കാൻ നടപടി

72 [1482] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

„ കെ. എൻ. എ. ഖാദർ:

„ സി. മമ്മൂട്ടി:

„ പി. കെ. കെ. ബാവ:

„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരാറുകാരെക്കൊണ്ട് ചെയ്യിപ്പിക്കുന്ന റോഡ് നിർമ്മാണം, കെട്ടിട നിർമ്മാണം, പാലം തുടങ്ങിയവ വേഗത്തിൽ നശിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാറിൽ നിർമ്മാണം നടത്തുന്ന പണിയുടെ പൂർത്തീകരണത്തിനുശേഷം നിശ്ചിത സമയത്തിനുള്ളിൽ ബലക്ഷയം വരുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ കരാറുകാരൻ നഷ്ടപരിഹാരം ചെയ്യണമെന്ന വ്യവസ്ഥകൂടി ഉൾക്കൊള്ളിച്ചാൽ പണിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുമോ;

(സി) എങ്കിൽ എന്നുമുതൽ ഇത്തരം വ്യവസ്ഥ പ്രസ്തുത പണികളുടെ കരാറിൽ ഉൾപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ;

(ഡി) ടെണ്ടറിൽ വിവരിക്കുന്ന അളവിലും തോതിലും സാധനസാമഗ്രികൾ ഉപയോഗിക്കുന്നുണ്ടോ എന്ന് മേൽനോട്ടം വഹിക്കുന്നവർ കൃത്യമായി പരിശോധിച്ചിട്ടില്ലെന്ന് വന്നാൽ അത്തരം ഉദ്യോഗസ്ഥൻമാരുടെമേൽ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly